LIBRARY ARCHIVES Kerala Legislative Assembly

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ

179 (2388) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ തൊഴിൽമേഖലകളിൽ നൈപുണ്യം സൃഷ്ടിക്കുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ എന്ന സ്ഥാപനത്തെ എപ്രകാരം പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് വിശദാംശങ്ങൾ നൽകുമോ ;

(സി) ഏതൊക്കെ മേഖലകളിലാണ് തൊഴിൽ നൈപുണ്യം സൃഷ്ടിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ & ബി) നിർമ്മാണ മേഖലയിൽ പ്രാഥമികതലം മുതൽ നേതൃത്വതലം വരെ വിവിധ പ്രവർത്തന മേഖലകളിൽ വിദഗ്ദ്ധ തൊഴിൽ പരിശീലനം നൽകി അവർക്ക് സ്വദേശത്തും വിദേശത്തും ജോലിസാധ്യത ഉറപ്പുവരുത്തുക, ആധുനിക ലോകത്ത് കൺസ്ട്രക്ഷൻ മേഖലയിൽ ആവശ്യമായ പ്രത്യേക വൈദഗ്ദ്ധ്യമുള്ള തൊഴിലാളികളെയും പ്രൊഫഷണലുകളെയും വാർത്തെടുക്കുകയും അവർക്ക് തൊഴിൽലഭ്യത ഉറപ്പുവരുത്തുകയും ചെയ്യുക എന്നിവയാണ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC) ന്റെ പ്രാധാന ലക്ഷ്യം. ടി സ്ഥാപനത്തിന്റെ പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) Masonry, Carpentry, Plumbing, Electrical, Draftsman with CAD Expertise, Supervisor, Site Management തുടങ്ങിയ മേഖലകളിലാണ് തൊഴിൽ നൈപുണ്യം സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നത്.

വിശ്വകർമ്മജർക്ക് പെൻഷൻ

180 (2389) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2013-ലെ ബഡ്ജറ്റിൽ വിശ്വകർമ്മജർക്ക് പെൻഷൻപദ്ധതി പ്രഖ്യാപിച്ചിരുന്നുവോ ; പ്രസ്തുത പദ്ധതി നടപ്പാക്കിത്തുടങ്ങിയോ ; ഇല്ലെങ്കിൽ എന്നുമുതൽ നടപ്പാക്കും ; പ്രസ്തുത പദ്ധതിയുടെ മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവിറങ്ങിയിട്ടുണ്ടോ ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

2013-ലെ ബഡ്ജറ്റിൽ വിശ്വകർമ്മജർക്ക് പെൻഷൻ പദ്ധതി പ്രഖ്യാപിച്ചിരുന്നു. 29-8-2013-ലെ സ.ഉ. (സാധാ) നമ്പർ 79/2013/പിസവിവ പ്രകാരം 60 വയസ്സ് കഴിഞ്ഞ ബി.പി.എൽ ആയ പരമ്പരാഗത വിശ്വകർമ്മ വിഭാഗത്തിൽപ്പെട്ട (മരം/ഇരുമ്പ്/കല്ലാശാരിമാർ/സ്വർണ്ണപ്പണിക്കാർ/ആശാരികൾ) വ്യക്തികൾക്ക് 500 രൂപ പ്രതിമാസ പെൻഷൻ ഏർപ്പെടുത്തി ഉത്തരവാകുകയുണ്ടായി. പ്രസ്തുത പെൻഷൻ നൽകുന്നതിന് പിന്നോക്ക സമുദായ വികസന വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതുപ്രകാരം 10-11-2014-ൽ പിന്നോക്ക സമുദായ വികസന വകുപ്പ് ഡയറക്ടർ പെൻഷൻ ലഭിക്കുന്നതിന് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതി നടത്തിപ്പിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്ന കാര്യം ധനകാര്യ വകുപ്പ് പരിശോധിച്ച് വരികയാണ്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പെൻഷൻ വിതരണം ആരംഭിക്കുന്നതാണ്. 10-11-2014-ലെ പിന്നോക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ വിജ്ഞാപനത്തിൽ അപേക്ഷകർക്കുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

ഐ.ടി.ഐ.കളുടെ നവീകരണം

181 (2390) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. വി. ചെന്താമരാക്ഷൻ :
ഡോ. കെ. ടി. ജലീൽ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ പരിശീലന കേന്ദ്രങ്ങളുടെ (ഐ.ടി.ഐ) നവീകരണത്തിനായി പ്രഖ്യാപിച്ച പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്തിരുന്നോ ; എങ്കിൽ അതിന്റെ വിശദാംശം അറിയിക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly